LIBRARY ARCHIVES Kerala Legislative Assembly

ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ്

139(2608) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ EE/482156/2010/DHS dated 10-12-2014 ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ അപാകതയുണ്ടെന്ന് കാണിച്ച് കൊല്ലം ജില്ലയിൽ നിന്നും പ്രസ്തുത വിഭാഗം ജീവനക്കാരുടെ പരാതി ലഭിച്ചിരുന്നുവോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത പരാതിയിൻമേൽ അന്വേഷണം നടത്തി പരിഹാരം കണ്ടെത്തിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ 1999-2008 സീനിയോരിറ്റി ലിസ്റ്റാണ് അവസാനമായി പ്രസിദ്ധീകരിച്ചത്. ഇ.ഇ.4-82156/2010/DHS തീയതി 10-12-2014 ഉത്തരവ് പ്രകാരം ഫാർമസിസ്റ്റ് ഗ്രേഡ്-2-ൽ നിന്നും ഗ്രേഡ്-1 ആയി പ്രൊമോഷൻ നൽകിയതിൽ അപാകതയുള്ളതായി പരാതി ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ അപ്പീലുകൾ ലഭിച്ചിരുന്നു. ആയതിൽ പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് മുമ്പ് ഉൾപ്പെടാത്തവരെ ഉൾപ്പെടുത്തിയ ലിസ്റ്റ് 21-11-2015-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ലഹരിവിമോചനത്തിനുള്ള ചികിത്സാ കേന്ദ്രങ്ങൾ

140(2609) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിനും ലഹരിമരുന്നുകൾക്കും അടിമപ്പെട്ടവരെ മോചിപ്പിക്കുന്നതിന് എത്ര ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ അംഗീകാരമുള്ളവ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) അനധികൃതമായി എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അനധികൃത കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൃത്യമായ കണക്കുകൾ ലഭ്യമല്ല. 21 സ്ഥാപനങ്ങൾ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 20 സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ കേന്ദ്രങ്ങളിലും ലൈസൻസിനുള്ള പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പരിശോധന പൂർത്തിയാക്കിയ 21 കേന്ദ്രങ്ങളിൽ 3 എണ്ണത്തിന് മാത്രമാണ് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളത്. അംഗീകാരമുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. അഗാപ്പെ മെന്റൽ ഹെൽത്ത് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചീന്തൽത്തടം, പത്തനംതിട്ട
2. ഡെയർ ഡീ അഡിക്ഷൻ സെന്റർ, പീരുമേട്, ഇടുക്കി
3. കെ.വി.എം.ഐ.ആർ.സി.എ., കെ.വി.എം., ട്രസ്റ്റ്, ചേർത്തല, ആലപ്പുഴ.

(സി&ഡി) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇത്തരം സ്ഥാപനങ്ങളുടെ കണക്കെടുക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ഹോമിയോ എം.ഡി. കോഴ്സുകൾ

141(2610) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം വിഷയങ്ങളിലാണ് എം.ഡി. കോഴ്സുകൾ നിലവിലുള്ളത് ; ഇവയ്ക്ക് ഓരോന്നിനും എത്ര സീറ്റ് വീതമാണുള്ളത്, വിശദമാക്കുമോ ;

(ബി) ഹോമിയോ, സൈക്യാട്രി, പീഡിയാട്രിക്സ്, പ്രാക്ടീസ് ഓഫ് മെഡിസിൻ, ഫാർമസി എന്നീ വിഷയങ്ങളിലുള്ള ഹോമിയോ എം.ഡി. കോഴ്സുകൾ കേരളത്തിലെ കോളേജുകളിൽ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

GPM. 2/242/2020-31

LIBRARY ARCHIVES Kerala Legislative Assembly